**B** **302**

# വാർഷിക മൂല്യനിർണയം 2015-16

## മലയാളം

സ്റ്റാൻഡേർഡ് - III

സമയം : 2 മണിക്കൂർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിലവാര സൂചിക |
|---|---|---|
| 1 | സംഭാഷണം | |
| 2 | കവിത | |
| 3 | വിവരണം | |
| 4 | കത്ത് | |
| 5 | ജീവചരിത്രക്കുറിപ്പ് | |
| | ഓവറോൾ ഗ്രേഡ് | |

കുട്ടിയുടെ പേര് ..........................................

വിദ്യാലയത്തിന്റെ പേര് ..........................................

രക്ഷിതാവിന്റെ ഒപ്പ് ..........................................

അധ്യാപകന്റെ ഒപ്പ് ..........................................

**പ്രവർത്തനം - 1 സംഭാഷണമെഴുതാം.**

നാളെയാണ് മോളൂട്ടിയുടെ വിദ്യാലയത്തിൽനിന്നും പഠനയാത്ര പോകുന്നത്. അതിമനോഹരമായ ദേശീയോദ്യാനത്തിലേക്കാണ് ഇത്തവണത്തെ യാത്ര. അവിടെ പലതരം പക്ഷികളും മൃഗങ്ങളും പൂക്കളും വലിയ മരങ്ങളുമൊക്കെയുണ്ട്. കാടിനുള്ളിലേയ്ക്ക് പോകുമ്പോൾ ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ടീച്ചർ പറഞ്ഞിട്ടുണ്ട്.

- പ്രകൃതിക്ക് ദോഷം വരുത്തുന്ന പ്ലാസ്റ്റിക് കവറുകൾ കൊണ്ടുപോകരുത്.
- ഉച്ചത്തിലുള്ള പാട്ടും ബഹളവും പാടില്ല.

ടീച്ചർ അങ്ങനെ പറയാൻ എന്തായിരിക്കും കാരണം? സ്കൂൾ വിട്ടയുടനെ സംശയം ചോദിക്കാൻ മോളൂട്ടി വീട്ടിലേക്കോടി. മോളൂട്ടിയും അമ്മയും തമ്മിൽ നടന്ന സംഭാഷണം എഴുതാമോ?

മോളൂട്ടി : ..........................................

അമ്മ : ..........................................

മോളൂട്ടി : അമ്മേ, വനത്തിനുള്ളിൽ ഉച്ചത്തിലുള്ള ശബ്ദം ഉണ്ടാക്കരുതെന്ന് ടീച്ചർ പറഞ്ഞല്ലോ. എന്താണ് കാരണം?

അമ്മ : ..........................................

..........................................

..........................................

..........................................

..........................................

അടിവരയിട്ട പദത്തിന് പകരംപദം എഴുതാമോ?

* പല വർണ്ണത്തിലുള്ള പൂക്കൾ

* പഠനയാത്ര ആഹ്ലാദം തരുന്നു

**പ്രവർത്തനം - 2 കവിതാപൂരണം**

പഠനയാത്രയ്ക്കൊരുങ്ങി എല്ലാവരും നേരത്തേ സ്കൂളിലെത്തി. സന്തോഷത്തോടെ ബസ്സിൽ കയറി യാത്രയാരംഭിച്ചു. ഹിബയാണ് പാട്ട് തുടങ്ങിയത്. കൂട്ടുകാർ ഓരോരുത്തരും വരികൾ കൂട്ടിച്ചേർത്ത് പാടാൻ തുടങ്ങി.

വരികൾ കൂട്ടിച്ചേർക്കാമോ? കവിതയ്ക്ക് നല്ലൊരു തലക്കെട്ട് നൽകാൻ മറക്കരുതെ......

തണലേകുന്നൊരു വന്മരവും
കുളിരേകുന്നൊരു കാട്ടാറും
..........................................
കാടിതുകാണാനെന്തുരസം

പാട്ടുകൾപാടും കുയിലമ്മ
..........................................
..........................................
കാടിതു കാണാനെന്തുരസം

..........................................
..........................................
..........................................
..........................................

**പ്രവർത്തനം - 3 വിവരണം എഴുതാം**

ലഘുഭക്ഷണം കഴിക്കാനായി അവർ ഇറങ്ങിയത് ഒരു ചെറിയ ചായക്കടയിലായിരുന്നു. അവിടെ അലമാരയ്ക്ക് മുകളിൽ ഒരു വലിയ റേഡിയോയിൽനിന്ന് പാട്ട് കേൾക്കുന്നുണ്ട്. 'ഇതല്ലേ ടീച്ചർ പറഞ്ഞ വാൽവ് റേഡിയോ'? മോളൂട്ടി ചോദിച്ചു. അവർ റേഡിയോയെക്കുറിച്ച് പഠിച്ച കാര്യങ്ങൾ ഓരോന്നായി പറയാൻ തുടങ്ങി.

റേഡിയോയെപ്പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക.

പണ്ട് കാലത്ത് റേഡിയോ ഒരു മരപ്പെട്ടിയോളം വലുതായിരുന്നു.

ഒറ്റപ്പദമാക്കുക

* രാഷ്ട്രത്തിന്റെ പിതാവ്

* കളിയുടെ കമ്പക്കാർ

കുട്ടികൾ റേഡിയോ നിലയത്തിന്റെ പ്രവർത്തനങ്ങൾ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. തൊട്ടടുത്ത റേഡിയോ നിലയം സന്ദർശിക്കാൻ അവർ തീരുമാനിച്ചു. അനുവാദം ചോദിച്ചുകൊണ്ട് സ്റ്റേഷൻ ഡയറക്ടർക്ക് കത്ത് നൽകേണ്ടതുണ്ട്. വിദ്യാലയത്തിന്റെ പേര്, യാത്രാ ലക്ഷ്യം, കുട്ടികളുടെ എണ്ണം തുടങ്ങിയവ കത്തിൽ ഉൾപ്പെടുത്തണമെന്ന് ടീച്ചർ പറഞ്ഞു.

നിങ്ങളുടെ വിദ്യാലയത്തിൽ നിന്ന് റേഡിയോ നിലയം സന്ദർശിക്കുവാൻ അനുമതി ആവശ്യപ്പെട്ട് സ്റ്റേഷൻ ഡയറക്ടർക്ക് ഒരു കത്തെഴുതുക

താഴെ തന്നിരിക്കുന്ന പദം ചേർത്ത് ഒരു വാക്യം നിർമ്മിക്കുക

കണ്ടവർ കണ്ടവർ

'നിലയം' അന്ത്യത്തിൽ വരുന്ന ഒരു വാക്ക് എഴുതുക

**പ്രവർത്തനം-5 ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം**

ദേശീയോദ്യാനത്തിലെ മനോഹരമായ കാഴ്ചകൾ കണ്ട് റേഡിയോ സ്റ്റേഷനും സന്ദർശിച്ച് ഉച്ചഭക്ഷണത്തിന് ശേഷം അവർ മടക്കയാത്ര ആരംഭിച്ചു. തിരിച്ചുവരുന്നവഴി അവർ കുഞ്ചൻ നമ്പ്യാരുടെ ജന്മസ്ഥലവും മ്യൂസിയവും സന്ദർശിച്ചു. അവിടെ കുഞ്ചൻ നമ്പ്യാരെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് അത് പരിശോധിക്കുക.

സമൂഹത്തിന്റെ തെറ്റുകളെ ചൂണ്ടിക്കാണിച്ച കവി

ഘോഷയാത്ര

കല്യാണസൗഗന്ധികം, സഭാപ്രവേശം, കിരാതം തുള്ളൽ

ജനനം 1705

നർമ്മബോധം



ഹാസ്യകവി

പേപ്പട്ടി കടിച്ച് മരണം

കുഞ്ചൻകവിതകൾ, തുള്ളൽ പ്രസ്ഥാനം കവിതകൾ

മരണം-1770

പാലക്കാട് ജില്ലയിൽ കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിൽ ജനനം

കൂടുതൽ വിവരങ്ങൾ ചേർത്ത് അദ്ദേഹത്തിന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

വാക്കുകൾ വേർതിരിക്കുക

പൂച്ചത്തടിയൻ = ......................+ ..........................